"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**കൃഷി (പി.എ.) വകുപ്പ് - സോയിൽ ആൻറ് റൂട്ട് ഹെൽത്ത് മാനേജ്മെന്റ് പദ്ധതി 2022-23 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ ജില്ലയ്ക്ക് അനുവദിച്ച നൽകിയ ടാർജറ്റിന് മുകളിൽ കുമ്മായം വിതരണം നടത്തിയ ഇനത്തിലുണ്ടായ അധിക തുക അനുവദിച്ചും , ആറ്റുവാത്തല സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഫയൽ ചെയ്ത WP(C) 17383/2025 നമ്പർ കേസിന്റെ 8-9-2025ലെ ഉത്തരവ് നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**കൃഷി (പി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.947/2025/AGRI തീയതി, തിരുവനന്തപുരം, 29-09-2025

---

പരാമർശം:-

1. ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 15-7-2025ലെ ADFW/PAO/ALP/960/2022-TA(3) നമ്പർ കത്ത്.
2. കൃഷി ഡയറക്ടറുടെ 4-8-2025ലെ ADFW / 4777 /2024-TF2 നമ്പർ കത്ത്.
3. **WP(C) 17383/2025 നമ്പർ കേസിന്റെ 8-9-2025ലെ ഉത്തരവ്.**

**<u>ഉത്തരവ്</u>**

**ആറ്റുവാത്തല സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഫയൽ ചെയ്തWP(C) 17383/2025 നമ്പർ കേസിന്റെ 8-9-2025ലെ പരാമർശം (3)ലെ ഉത്തരവു പ്രകാരം 22-9-2025ന് മുമ്പ് ടി ബങ്കിന് നൽകുവാനുള്ള തുക നല്കി ഉത്തരവ് നടപ്പിലാക്കണമെന്നും ഇക്കാര്യത്തിൽ സമയം അനുവദിക്കുകയില്ല എന്നും നിർദ്ദേശിച്ചിരുന്നു.**

**2. 2022-23 സാമ്പത്തിക വർഷത്തിൽ അധിക കുമ്മായം വിതരണം നടത്തിയ വകയിൽ കുമ്മായ വിതരണ ഏജൻസികൾക്ക് തുക അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടായതിന്റെ സാഹചര്യം, അതിലേയ്ക്കാവശ്യമായ തുക , നിലവിൽ ഏത് ശീർഷകത്തിൽ നിന്നാണ് അനുവദിക്കുവാൻ കഴിയുക എന്നൊക്കെയുള്ള വിവരം പരാമർശം (1) കത്തു പ്രകാരം ആലപ്പുഴ പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ അറിയിച്ചിട്ടുണ്ട്. ആറ്റുവാത്തല സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഫയൽ ചെയ്ത WP(C) 17383/2025 നമ്പർ കേസിൽ ഉൾപ്പെട്ട തുകയും അധികം കുമ്മായം വിതരണംചെയ്ത വകയിൽ ആലപ്പുഴയിൽ വിവിധ കുമ്മായ ഏജൻസികൾക്ക് നൽകാനുള്ള 1,48,09,553 രൂപയിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത വർഷം ആലപ്പുഴ ജില്ലയിൽ ആകെ നെൽകൃഷി ചെയ്തത് 38500 ഹെക്ടറിലായിരുന്നു എന്നും എന്നാൽ കുമ്മായം അനുവദിച്ചത് 11500 ഹെക്ടറിലേയ്ക്ക് മാത്രമായിരുന്നു എന്നും അധിക ഫണ്ട് ആവശ്യപ്പെട്ടിരുന്നെങ്കിലും തുക അനുവദിക്കാത്തതിനാൽ കുമ്മായ ഏജൻസികൾക്ക് തുക നൽകാൻ കഴിഞ്ഞിരുന്നില്ലായെന്നും ഡയറക്ടർ റിപ്പോർട്ട് സൂചന (2)**

**പ്രകാരം അറിയിച്ചിട്ടുണ്ട്.**

**3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ പ്രിൻസിപ്പൽ കൃഷിഓഫീസർ അപേക്ഷിച്ച പ്രകാരം 2022-23 സാമ്പത്തിക വർഷം, അധികം കുമ്മായം വിതരണംചെയ്ത വകയിൽ വിവിധ കുമ്മായ ഏജൻസികൾക്ക് നൽകാനുള്ള 1,48,09,553 രൂപ (നൂറ്റി നാൽപ്പത്തി എട്ട് ലക്ഷത്തി ഒമ്പതിനായിരത്തി അഞ്ഞൂറ്റി അമ്പത്തി മൂന്ന് രൂപാ മാത്രം) *സോയിൽ ആൻറ് റൂട്ട് ഹെൽത്ത് മാനേജ്മെന്റ് പദ്ധതി*യുടെ ശീർഷകമായ 2401-00-800-28 Plan-ൽ 2025-26 സാമ്പത്തിക വർഷം കൃഷി ഡയറക്ടർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**4. ആറ്റുവാത്തല സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഫയൽ ചെയ്ത WP(C) 17383/2025 നമ്പർ കേസിന്റെ 8-9-2025ലെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കെ ജോസഫ്
അഡിഷണൽ സെക്രട്ടറി

To
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
ഡയറക്ടർ , കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ കൃഷി ഓഫീസർ, ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (Audit I & II/ A & E) , കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (UO Note**3259380/Agri-B1/395/2025-FIN** dated **20.09.2025 ).**
കൃഷി (പി.ബി.) വകുപ്പ്.
I&PRD (web & news media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Megha. R**
**Date: 29-09-2025 18:51:15**
സെക്ഷൻ ഓഫീസർ